**കഥാസാരം:** പൂച്ചപ്പോലീസിന് അജ്ഞാത നമ്പറിൽനിന്ന് ഒരു സന്ദേശം ലഭിച്ചു. തനിക്ക് ലഭിച്ച സിഗ്നലുകളെ പിന്തുടർന്ന് പൂച്ചപ്പോലീസ് ഡി.ജി.പി സിംഹവാലന്റെ അടുത്തെത്തി. ഇരുവരും വളരെ രഹസ്യമായി ഒരു വി.വി.ഐ.പിയുടെ അടുത്തെത്തുന്നു.




▸▸ എൻ.എസ്.എസിന്റെ സ്ഥാപക പ്രസിഡന്റ് – കെ. കേളപ്പൻ


നമ്മുടെ രാജ്യത്ത് നിന്നും പോത്തുഗീസിലേക്ക് ധാരാളം പേർ വിനോദ സഞ്ചാരത്തിനായി പോകാറുണ്ട്. പക്ഷേ ഏതാനും വർഷങ്ങളായി വിനോദ സഞ്ചാരത്തിനായി പോത്തുഗീസിലേക്ക് പോയ പല ആളുകളെയും കാണാതാവുന്നതായി പരാതികൾ ലഭിച്ചു കൊണ്ടിരിക്കുകയാണ്.
ഈ ആളുകൾക്ക് എന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ച് പോത്തുഗീസ് ഗവൺമെന്റിനോ അവിടുത്തെ പോലീസിനോ യാതൊരു ധാരണയുമില്ല. മാത്രമല്ല. മറ്റു രാജ്യങ്ങളിൽ നിന്നുള്ള പല ടൂറിസ്റ്റുകളും ഇതുപോലെ മിസ്സിങ്ങ് ആണെന്നതും ശ്രദ്ധേയമാണ്.
ഈ നിഗൂഢതയുടെ ചുരുളഴിക്കാൻ പ്രധാനമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് നമ്മുടെ രഹസ്യാന്വേഷണ വിഭാഗം പോത്തുഗീസിലേക്ക് ഒരു ഏജന്റിനെ അയച്ചു. **മിസ്റ്റർ ചാർളി.**
ഇന്തുസ്ഥാൻ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും സമർഥനായ ഏജന്റ്.
എന്നിട്ട്?
CHARLIE
രഹസ്യദൗത്യവുമായി പോത്തുഗീസിലേക്ക് പുറപ്പെട്ട ചാർളിയെയും മൂന്നുമാസങ്ങൾക്ക് ശേഷം കാണാതായി!
വാട്ട്?
തുടരും